# മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**വാർഡ്- (18,പൊടിക്കുളം )**

**ഗ്രാമപഞ്ചായത്ത്-പാപ്പിനിശേരി**

**ഗ്രാമപഞ്ചായത്ത്-**

**ബ്ലോക്ക്-കണ്ണൂർ**

**കണ്ണൂർ ജില്ല .**

**ഗ്രാമസഭ തീയ്യതി: 6/03/2020**

**സമയം : 2 PM**

**സ്ഥലം: പുതിയകാവ്അഴീക്കോടൻവായനശാല**

**തയ്യാറാക്കിയത് ,**

സോഷ്യൽ ഓഡിറ്റ് ടീം ,

കണ്ണൂർ ബ്ലോക്ക്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം –

## ആമുഖം

**2005**സപ്തംബർ**5**ന് നിലവിൽ വന്ന **ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം** അടിസ്ഥാനമാക്കിയാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഭാരതത്തിലെ ഗ്രാമീണ മേഖലയിൽ നടപ്പിലാക്കി വരുന്നത്.ഗ്രാമീണ മേഘലയിലെ കുടുംബങ്ങൾക്ക് 100 ദിവസം അവിദഗ്ദ്ധ കായിക തൊഴിൽ ഉറപ്പു നൽകുകയും, അതിലൂടെ ഗ്രാമീണ ജനതയുടെ ഉന്നമനം, ദാരിദ്ര്യ ലഘൂകരണം, ഗ്രാമീണ അടിസ്ഥാന സൌകര്യ വികസനം, പരിസ്ഥിതി സംരക്ഷണം, സ്ത്രീ ശാക്തീകരണം എന്നിവ ലക്ഷ്യം വെക്കുന്നു.

തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന മുഴുവന് പ്രവൃത്തികളും 6 മാസ കാലയളവിനുള്ളിൽ നിർബന്ധമായും **സോഷ്യൽ ഓഡിറ്റ്** അഥവാ സാമൂഹ്യ പരിശോധന നടത്തണമെന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 17(2)-വകുപ്പിൽ നിഷ്കർഷിക്കുന്നു. പദ്ധതി നടത്തിപ്പിൽ സുതാര്യതയും സാമൂഹ്യ ഉത്തരവാദിത്തവും ഉറപ്പുവരുത്തി പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുകയാണ് ലക്ഷ്യം. നടപ്പിലാക്കിയ ഓരോ പ്രവൃത്തികളും,പദ്ധതി നിർവഹണവും,തൊഴിലാളികൾക്ക് ലഭിക്കേണ്ട അവകാശങ്ങളും സാമൂഹ്യ പങ്കാളിത്തത്തോടെ വിലയിരുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ സോഷ്യല് ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നു, തുടർന്ന് പ്രത്യേക ഗ്രാമസഭ വിളിച്ചു ചേർത്ത് ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കുകയുംറിപ്പോർട്ടിന്മേല് ചർച്ചചെയ്തു പദ്ധതി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ തുടർനടപടികള് നിർദ്ദേശിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്.

വാർഡിലെ2019-20 സാമ്പത്തീക വർഷത്തിലെ ഏപ്രില് മുതല് സപ്തംബർ വരെയുള്ള കാലയളവിൽ നടപ്പിലാക്കിയ പ്രവൃത്തികളും പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ഇടപെടലുകളുമാണ് സോഷ്യല് ഓഡിറ്റിനു വിധേയമാക്കിയിട്ടു ള്ളത്. ഇതിന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസിൽ നിന്നും പ്രവൃത്തി ഫയലുകളുടെ പരിശോധന, രജിസ്റ്റർ പരിശോധന, വാർഡിലെ വിവിധ സ്ഥലങ്ങളിലായി നടപ്പി ലാക്കിയ പ്രവൃത്തി സ്ഥലങ്ങള് സന്ദർശിച്ച് വിലയിരുത്തൽ,പദ്ധതി ഗുണഭോക്താക്കൾ, വാർഡിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവര് തൊഴിലുറപ്പ് തൊഴിലാളികള് എന്നിവരുമായുള്ള അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലാണ് സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

വാർഡിന്റെ വികസനത്തിനും, സമൂഹത്തിനും പരിസ്ഥിതിക്കും ഗുണകരമായ രീതിയിലും പദ്ധതിയുടെ നല്ലവശങ്ങൾ നിലനിർത്തിക്കൊണ്ടും പോരായ്മകള് പരിഹരിച്ചുകൊണ്ടും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മെച്ചപ്പെട്ട രീതിയിൽ

നടപ്പിലാക്കുന്നതിന് ഈ റിപ്പോർട്ട് സഹായകമാവട്ടെ എന്ന് പ്രത്യാശിച്ചു കൊണ്ട് ഗ്രാമസഭയുടെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

**ഗ്രാമ പഞ്ചായത്ത്**

**അടിസ്ഥാന വിവരങ്ങൾ**

ജില്ല : കണ്ണൂർ

ബ്ലോക്ക് : കണ്ണൂർ

വാർഡുകള് : 20

വിസ്തൃതി :14.89 ച.കി.മീ.

**തൊഴിലുറപ്പ് അടിസ്ഥാന വിവരങ്ങൾ 2019-20**

| | പഞ്ചായത്ത് | വാർഡ് 18 |
|---|---|---|
| ആകെ തൊഴിൽ കാർഡുകള് | 2167 | 102 |
| ആകെ തൊഴിലാളികൾ | 953 | 110 |
| SC തൊഴിൽ കാർഡുകള് | 378 | 2 |

**വർക്ക്കോഡ്: WH/298757**

**പേര്: കുയ്യിൻറീൽ തോട് പുനരുദ്ധാരണം**

| വിലയിരുത്തൽ ഘടകങ്ങൾ | സ്ഥിതി | വിശദീകരണം |
|---|---|---|
| ഗ്രാമസഭ അംഗീകാരം | **ഉണ്ട്** | **ഗ്രാമ സഭ അംഗീകാരം ലഭിച്ചിട്ടുണ്ട്.** |
| ഭരണാനുമതി | **ഉണ്ട്** | **ഭരണാനുമതി ലഭിച്ച പ്രവർത്തിയാണ്.** |
| സാങ്കേതികാനുമതി | **ഉണ്ട്** | **സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തിയാണ് കൺവീനറുടെ പേര്, ഒപ്പ്, സീല് എന്നിവ ഉണ്ട്. ചെയർമാൻ റെ ഒപ്പും സീലും ഉണ്ട്.** |
| 3 ഘട്ടങ്ങളിലെ ഫോട്ടോ | **ഉണ്ട്** | **3 ഘട്ടങ്ങളിലെ പ്രവൃത്തിയുടെ ഫോട്ടോ ഉണ്ടായിരുന്നു** |
| ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രവൃത്തി | **അതെ** | **ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നു** |
| എസ്റ്റിമെറ്റ് പ്രകാരമുള്ള പ്രവൃത്തി | **അതെ** | **എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തിയാണ് നടന്നത്** |
| വ്യക്തിഗത | **ഇല്ല** | **ബാധകമല്ല** |

| | | |
|---|---|---|
| ഗുണഭോക്താക്കൾ ജോലിയിൽ ഏർപ്പെടല് | | |
| സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് | **ഇല്ല** | **ഉണ്ടായിരുന്നില്ല** |
| കരാറുകാരന്റെ സാന്നിധ്യം | **ഇല്ല** | **ഇല്ല** |
| യന്ത്രങ്ങളുടെ ഉപയോഗം | **ഇല്ല** | **ഇല്ല** |
| പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം | **ഉണ്ട്** | **പ്രവൃത്തി ആരംഭിച്ച തീയതിയും അവസാനിച്ച തീയതി രേഖപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പും സീലും ഉണ്ട്.** |
| പ്രവൃത്തിയുടെ നിലവിലെ സ്ഥിതി | **കാണാൻ സാധിച്ചില്ല** | **പ്രദേശത്ത് പ്രളയം ബാധിച്ചതിനാൽ മാലിന്യങ്ങൾ അടിഞ്ഞു കൂടി കിടക്കുന്നതായി കണ്ടു** |
| പ്രവൃത്തിയുടെ നേട്ടങ്ങൾ | **തോട് മാലിന്യ വിമുക്ത മാക്കി** | **മഴക്കാലങ്ങളിൽ വെള്ളം സുഖമായി പോകുവാനുള്ള സാഹചര്യം സൃഷ്ടിച്ചു** |
| ഗുണനിലവാരം | **നിലവിൽ കാണാൻ സാധിച്ചില്ല** | **ഇപ്പോഴത്തെ സാഹചര്യത്തിൽ മാലിന്യങ്ങൾ അടിഞ്ഞു കൂടിയതായുംകാട് പിടിച്ചതായും കണ്ടു** |
| എം.ബുക്കിൽ രേഖപ്പെടുത്തിയ അളവുകൾ | **കാടെടുട്ടിതെളിക്കൽ-2308.00m2**<br>**മണ്ണ്നീക്കംചെയ്യൽ-598.51 m3** | (കാട് വെട്ടിത്തെളിക്കൽ - 2320.0000sqm@2.35/sqm<br>മണ്ണ് നീക്കം ചെയ്യൽ - 600.0000cum@145.8/cum<br>സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് -0) |
| സാമൂഹ്യ പരിശോധന പ്രകാരം അളവുകൾ | **എംബുക്ക്പ്രകാരംഅളവുകൾ കൃത്യമായിരുന്നു** | എംബുക്ക്പ്രകാരംഅളവുകൾ കൃത്യമായിരുന്നു |

| | | |
|---|---|---|
| കവർ പേജ് | ഉണ്ട് | ആണ് |
| ചെക്ക് ലിസ്റ്റ് | ഉണ്ട് | ആണ് |
| ആക്ഷൻ പ്ലാന് കോപ്പി | ഉണ്ട് | ആണ് |
| എസ്റ്റിമേറ്റ് കോപ്പി | ഉണ്ട് | ആണ് |
| സംയോജിത പദ്ധതി വിവരങ്ങൾ | ബാധകമല്ല | ബാധകമല്ല |
| തൊഴിൽ അപേക്ഷകള് | ഉണ്ട് | ആണ് |
| വർക്ക് അലോക്കേഷന് | ഉണ്ട് | ആണ് |

| രേഖ | | |
|---|---|---|
| മസ്റ്റർ റോള് | ഉണ്ട് | ആണ് |
| മെറ്റിരിയൽ വാങ്ങല് തീരുമാനം കോപ്പി | ബാധകമല്ല | ബാധകമല്ല |
| വേജ് ലിസ്റ്റ് | ഉണ്ട് | ആണ് |
| ഫണ്ട് ട്രാന്സർ ഓർഡർ കോപ്പി(FTO) | ഉണ്ട് | ആണ് |
| മെറ്റിരിയൽബിൽ,വൗച്ചർ | ബാധകമല്ല | ബാധകമല്ല |
| പാട്ടക്കരാർ,രസീതുകൾ | ബാധകമല്ല | ബാധകമല്ല |
| മസ്റ്റർ റോള് മൂമെന്റ് സ്ലിപ് | ഇല്ല | ഇല്ല |
| ജിയോ ടാഗ്ഡ് ഫോട്ടോ | ഉണ്ട് | ഉണ്ട്ഉണ്ട് |
| സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | ഉണ്ട് | ആണ് |
| സൈറ്റ് ഡയറി | ഉണ്ട് | ആണ് |
| പദ്ധതി ആരംഭ മീറ്റിംഗ് | ഉണ്ട് | ആണ് |
| | | |

| സാധന ഘടകം | എസ്റ്റിമേറ്റ് പ്രകാരം (ആകെ)@00000.00 | | എം.ബുക്ക് പ്രകാരം(ആകെ) @00000.00 | | സോഷ്യൽ ഓഡിറ്റ് പ്രകാരം(ആകെ) @00000.00 | |
|---|---|---|---|---|---|---|
| ഇനം | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് | 1 | 3000 | -0 | -0 | -0 | -0 |
| | | | | | | |
| | | | | | | |
| | | | | | | |
| ആകെ | | | | | | |

**മസ്റ്റർ റോള്**

| അവിദഗ്ദ്ധ മസ്റ്റർ റോള് | | | | | | | |
|---|---|---|---|---|---|---|---|
| മസ്റ്റർ റോൾ നമ്പർ | തൊഴിൽ ദിനം | വേതനം (വാടക ഉൾപ്പടെ ) | പ്രവൃത്തി ആരംഭിച്ച തീയ്യതി | പ്രവൃത്തി അവസാനിച്ച തീയ്യതി | സീൽ,□ പ്പ് | | തിരുത്തലുകൾ തിരുത്തലുകൾ |
| | | | | | ബ്ലോക്ക് | പഞ്ചായത്ത് | |
| **204** | **83** | **22825** | **24.04.2019** | **30.04.2019** | **ഉണ്ട്** | **ഉണ്ട്** | **ഇല്ല** |
| **240** | **97** | **26675** | **01.05.2019** | **07.05.2019** | **ഉണ്ട്** | **ഉണ്ട്** | **02/34 ഉഷയുടെ ടോട്ടൽ അറ്റൻഡൻസ്റ്റിരുത്തിയിട്ടു** |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ണ്ട്. 18/20 ശാരദ, 18/22 സരസ്വ തി, 18/29 നാരായ ണിഎന്നി വരുടെ അറ്റൻഡ ൻസ്സൈ റ്റ്നർഉപ യോഗി ച്ച്തിരു ത്തിയിട്ടു ണ്ട്. |
| 283 | 122 | 33550 | 08.05.2019 | 14.05.2019 | ഉണ്ട് | ഉണ്ട് | ഇല്ല |
| 325 | 39 | 10725 | 15.05.2019 | 21.05.2019 | ഉണ്ട് | ഉണ്ട് | ഇല്ല |
| | | | | | | | |
| | | | | | | | |
| ആകെ | 341 | 93775 | | | | | |

**പ്രവൃത്തി സ്ഥലത്ത് ലഭ്യമാക്കേണ്ട രേഖകൾ**

| രേഖകൾ | പ്രവൃത്തി തുടങ്ങുന്നതിനു മുമ്പ് കിട്ടാറുണ്ടോ? |
|---|---|
| മസ്റ്റർ റോള് | ഉണ്ട് |
| ജനകീയ എസ്റ്റിമേറ്റ് | ഇല്ല |
| സൈറ്റ് ഡയറി | ഉണ്ട് |

**പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകള്**

**പരിശോധിച്ച തീയ്യതി :**

| | രജിസ്റ്റർ പേര് | പരിശോധ നയ്ക്ക് ലഭ്യത | കാലാനുസൃതമായ വിവരങ്ങളുടെ സ്ഥിതി. |
|---|---|---|---|
| 1 | തൊഴിൽ കാർഡ് രജിസ്റ്റര് | ലഭിക്കാറു ണ്ട് | കൃത്യമായിരേഖപ്പെടുത്താറുണ്ട് |
| 2 | ഗ്രാമസഭ രജിസ്റ്റർ | ലഭിക്കാറു ണ്ട് | കൃത്യമായിരേഖപ്പെടുത്താറുണ്ട് |
| 3 | തൊഴിൽ അപേക്ഷാ രജിസ്റ്റര് | ലഭിക്കാറു ണ്ട് | കൃത്യമായിരേഖപ്പെടുത്താറുണ്ട് |
| 4 | പ്രവൃത്തി രജിസ്റ്റര് | ലഭിക്കാറു ണ്ട് | കൃത്യമായിരേഖപ്പെടുത്താറുണ്ട് |
| 5 | പരാതി രജിസ്റ്റര് | ലഭിക്കാറു ണ്ട് | കൃത്യമായിരേഖപ്പെടുത്താറുണ്ട് |
| 6 | പരാതി രജിസ്റ്റര് | ലഭിക്കാറു ണ്ട് | കൃത്യമായിരേഖപ്പെടുത്താറുണ്ട് |
| 7 | മെറ്റീരിയൽ രജിസ്റ്റർ | ലഭിക്കാറു | കൃത്യമായിരേഖപ്പെടുത്താറുണ്ട് |

| | | | |
|---|---|---|---|
| | | ണ്ട് | |

**അവകാശാധിഷ്ഠിതനിരീക്ഷണങ്ങൾ**

വാർഡിലെ തൊഴിലാളികള് ഗുണഭോക്താക്കള് എന്നിവരുമായി നടത്തിയ ഗ്രൂപ്പ് ചർച്ച വ്യക്തിഗത അഭിപ്രായ ശേഖരണം എന്നിവയിലൂടെയാണ് അവകാശങ്ങളുടെ ലഭ്യത സംബന്ധിച്ച വിലയിരുതലുകൾ നടത്തിയത്.

| അവകാശങ്ങൾ | ലഭ്യത | വിലയിരുത്തൽ |
|---|---|---|
| അപേക്ഷിച്ച് 15 ദിവസത്തിനകം സൗജന്യമായി തൊഴിൽ കാർഡ്ലഭിക്കാറുണ്ടോ | ഉണ്ട് | അപേക്ഷിച്ച് 15 ദിവസത്തിനകംതൊഴിൽകാർഡ്ലഭിച്ചിരുന്നെന്ന്തൊഴിലാളികൾപറഞ്ഞു. |
| അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴില് ലഭിക്കൽ/ തൊഴിലില്ലായ്മ വേതനം | ഉണ്ട് | അപേക്ഷിച്ച് 15 ദിവസത്തിനകംതൊഴിൽലഭിക്കാറുണ്ട് |
| സർക്കാര് പ്രഖ്യാപിച്ചിട്ടുള്ള മിനിമം കൂലി ലഭിക്കൽ | ഉണ്ട് | മിനിമംകൂലിയുംഅതിന്റെകൂടെആയുധവാടകയുംലഭിക്കാറുണ്ട് |
| 15 ദിവസത്തിനകം കൂലി ലഭിക്കൽ/ വൈകിക്കുന്ന ദിവസങ്ങൾക്ക് പിഴ | ഇല്ല | 15 ദിവസത്തിനകംതൊഴിലാളികൾക്കേവതനംലഭിക്കാറുണ്ട്. |
| പ്രവൃത്തികൾ കണ്ടെത്തുവാനുള്ള അവകാശം | ഉണ്ട് | തൊഴിലാളികൾസ്വമേഥയാതൊഴിലുകൾകണ്ടെത്താറുണ്ട്. |
| 5 കിലോമീറ്റർ ഉള്ളില് ജോലി/യാത്രാകൂലി | ഇല്ല | 5 കിലോമീറ്ററിലധികംയാത്രചെയ്യേണ്ടിവന്നിട്ടില്ല. |
| പ്രവൃത്തി സ്ഥലത്തെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ-ഫസ്റ്റ് എയ്ഡ്,തണൽ,കുടിവെള്ളം | ഉണ്ട് | കുടിവെള്ളംതൊഴിലാളികൾ കൊണ്ടുവരാറാണ്പതിവ്.തണൽസൗകര്യംലഭിക്കാറുണ്ട്.ഫസ്റ്റ്എയ്ഡ്മരുന്നുകൾപ്രാഥമികാരോഗ്യകേന്ദ്രത്തിൽനിന്നുംലഭിക്കാറുണ്ട്.ഇവപ്രവൃത്തിസ്ഥലത്ത്തന്നെലഭ്യമാണ്. |
| സമയ ബന്ധിതമായി പരാതി പരിഹാരം | ഉണ്ട് | പരാതികൾഉണ്ടായിട്ടില്ല. |
| ചികിൽസാ സഹായം | ഉണ്ട് | വലിയഅപകടങ്ങൾഒന്നുംതന്നെ തൊഴിലിടങ്ങളിൽഉണ്ടായിട്ടില്ല. ചെറിയരീതിയിലുള്ളമുറിവുകളൊക്കെഫസ്റ്റ്എയ്ഡ്ഉപയോഗിച്ച്പരിഹരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| റോസ്റ്റർ ദിവസ് | നടത്താറുണ്ട് | എല്ലാമാസവും 20 ന്നടത്താറുണ്ട് |
| പദ്ധതി അനുബന്ധ ചുവർ രചനകള് | | |

**സാമൂഹ്യ പരിശോധനയുടെ ഭാഗമായി വിവര ശേഖരണം നടത്തുന്നതില് പങ്കാളികളായ തൊഴിലാളികള് :**

| | പേര് | തൊഴിൽ കാർഡ് നമ്പർ | | പേര് | തൊഴിൽ കാർഡ് നമ്പർ |
|---|---|---|---|---|---|
| 1 | രോഹിണി | KL/02/005/004/018/1 | 2 | ചന്ദ്രമതി.കെ | KL/02/005/004/018/8 |
| 3 | സതി.ടി | KL/02/005/004/018/7 | 4 | വി.വി.നാരായണി | KL/02/005/004/018/29 |
| 5 | നളിനി | KL/02/005/004/018/23 | 6 | സുശീല. ടി.വി | KL/02/005/004/018/13 |
| 7 | ലീല.കെ | KL/02/005/004/018/25 | 8 | ജാനകി | KL/02/005/004/018/98 |
| 9 | സീമ.പി.കെ | KL/02/005/004/018/34 | 10 | തങ്കമണി.കെ | KL/02/005/004/018/10 |
| 11 | തങ്കമണി | KL/02/005/004/02/35 | 12 | നളിനി. ടി.വി | KL/02/005/004/018/16 |
| 13 | ഉഷ | KL/02/005/004/02/34 | 14 | പ്രസന്ന | KL/02/005/004/02/47 |
| 15 | പി.പി.സതി | KL/02/005/004/018/2 | 16 | ലക്ഷ്മി. എം.കെ | KL/02/005/004/018/12 |
| | | | | | |

**കണ്ടെത്തലുകൾ**

- **ഫയലിൽസൂക്ഷിക്കേണ്ടരേഖകൾഎല്ലാംപരിശോധനാസമയത്ത്കാണുവാൻസാധിച്ചു.**
- **എല്ലാരേഖകളിലുംഅധികാരികളുടെഒപ്പുംസീലുംഉണ്ടായിരുന്നുവെങ്കിലുംതീയതിരേഖപ്പെടുത്തിയതായികണ്ടില്ല.**
- **മൂന്നുഘട്ടങ്ങളിലുള്ളഫോട്ടോകളുംജിയോടാഗ്ചെയ്തഫോട്ടോയുംഫയലില്ഉണ്ടായിരുന്നു.**
- **നിലവിൽ തോട് കാട് മൂടിയനിലയിലുംമാലിന്യംഅടിഞ്ഞുകൂടിയനിലയിലുമാണ്കാണപ്പെട്ടത്.**
- **വി .എം .സി അംഗങ്ങളെ എ .എം .സി . പ്രകാരം നിശ്ചയിക്കുന്നില്ല .**
- **തൊഴിലാളികൾ തന്നെ വി .എം .സി അംഗങ്ങളായി പ്രവർത്തിക്കുന്നു .**
- **ഈ കാരണങ്ങൾ കൊണ്ട് തന്നെ വി .എം . സി . പ്രവർത്തനം നിര്ജീവമാണ് .**
- **പ്രവർത്തി ആരംഭിക്കുന്നതിനു മുൻപ് പ്രാദേശിക ഭാഷയില് എഴുതിയ സിറ്റിസൺ  ന്ഫർമശന് ബോർഡ് പ്രവർത്തി സ്ഥലത്ത് സ്ഥാപിച്ചിട്ടില്ല .**

അനുബന്ധം:-

1. തൊഴിൽ കാർഡുമായി ബന്ധപ്പെട്ടവ;

തൊഴിൽ കാർഡ് ഒരു ആധികാരിക രേഖയാണ്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂൾ 2 പ്രകാരം തൊഴിൽ കാർഡിന് അപേക്ഷ നൽകുന്ന കുടുംബങ്ങൾക്ക് 15 ദിവസത്തിനകം തികച്ചും സൌജന്യമായി തൊഴില് കാർഡ് ലഭ്യമാക്കണമെന്ന് അനുശാസിക്കുന്നു. കൂടാതെ കൃത്യമായ ഇടവേളകളിൽ കാർഡ് സൌജന്യമായി പുതുക്കി നൽകേണ്ടതുമാണ്. തൊഴിലുറപ്പ് നിയമപ്രകാരം തൊഴിൽ കാർഡ് കൈവശം വെക്കാനുള്ള അധികാരം ഉടമകൾക്ക് മാത്രമാണ്, നിർവഹണ ഏജൻസിയോ മേറ്റുമാരോ മറ്റുള്ളവരോ കൈവശം വെക്കുവാന് പാടുള്ളതല്ല.

**2. തൊഴിൽ അപേക്ഷ സംബന്ധിച്ച്;**

തൊഴിൽ കാർഡുള്ള അവിദഗ്ദ്ധ കായിക തൊഴില് ചെയ്യാന് തയ്യാറുള്ള ഏതൊരു കുടുംബത്തിനും ഓരോ സാമ്പത്തിക വർഷവും 100 ദിവസത്തെ അവിദഗ്ദ കായിക തൊഴിലിന് അവകാശമുണ്ട്, തൊഴിൽ ആവശ്യപ്പെട്ട് അപേക്ഷ നൽകിയാല് കൈപ്പറ്റു രശീത് നൽകുകയും 15 ദിവസത്തിനകം തൊഴിൽ ലഭ്യമാക്കണമെന്നും നിയമത്തിൽ പ്രതിപാദിക്കുന്നു.

**3. തൊഴിൽ അനുവദിച്ചത് സംബന്ധിച്ച്;**

തൊഴിലുറപ്പ് നിയമപ്രകാരം തൊഴില് ആവശ്യപ്പെട്ടു കഴിഞ്ഞാല് 15 ദിവസത്തിനകം തൊഴിൽ ലഭ്യമാക്കനമെന്നുണ്ട്. വാർഡിലെ തൊഴിലാളികൾക്ക് തൊഴില് ആവശ്യമുള്ള സമയങ്ങളിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് 15 ദിവസത്തിനകം തൊഴിൽ അനുവദിക്കെണ്ടതുണ്ട്.

**4. തൊഴിലില്ലായ്മ വേതനം;**

തൊഴിൽ ആവശ്യപ്പെട്ടു കഴിഞ്ഞാല് 15 ദിവസത്തിനകം തൊഴിൽ ലഭ്യമാക്കാത്തപക്ഷം തൊഴിലില്ലായ്മ വേതനം ലഭിക്കാൻ അവകാശമുണ്ട്**.** തൊഴില് ആവശ്യപ്പെട്ട തീയ്യതി മുതൽ ആദ്യത്തെ 30 ദിവസം കൂലിയുടെ 25% ( 271 കൂലിപ്രകാരം 67 രൂപ 75 പൈസ) തുകയും തുടർന്ന് 100 ദിവസ തൊഴിൽ പൂർത്തിയാകുന്നത് വരെയുള്ള ദിവസങ്ങളില് കൂലിയുടെ 50%( 271കൂലിപ്രകാരം 135 രൂപ 5 പൈസ) തുകയും തൊഴിലാളികൾക്ക് ലഭിക്കണം.

**5. ഷെൽഫ് ഓഫ് പ്രോജക്റ്റ് സംബന്ധിച്ച്;**

വാർഡില് ആവശ്യമായ വികസന പ്രവൃത്തികള് കണ്ടെത്തുന്നതിന് തൊഴിലാളികൾക്ക് അവകാശം ഉണ്ട്. അയൽക്കൂട്ടതല ചർച്ചയിലൂടെ കണ്ടെത്തുന്ന പ്രവൃത്തികൾ ഗ്രാമസഭയില് അംഗീകാരം നേടുകയും തൊഴിലുറപ്പില് അനുവദനീയമായ പ്രവൃത്തിയാനെന്കിൽ നിർവഹണ ഏജൻസി പ്രസ്തുത പ്രവൃത്തികൾ മുൻഗണനാ ക്രമത്തില് ഷെൽഫ് ഓഫ് പ്രോജക്റ്റില് ഉൾപ്പെടുത്തേണ്ടതാണ്.

**6. യാത്രാ ചെലവ് സംബന്ധിച്ച്;**

തൊഴിലാളികൾക്ക് താമസ സ്ഥലത്തുനിന്നും 5 കിലോമീറ്റർ ചുറ്റളവില് തൊഴില് ലഭിക്കുവാനുള്ള അവകാശമുണ്ട്, പ്രസ്തുത പരിധിക്കു പുറത്തു തൊഴിൽ ചെയ്യേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ യാതാ ബത്തയായി കൂലിയുടെ 10% തുക നിലവിലെ കൂലി പ്രകാരം 27 രൂപ 10 പൈസ പ്രവൃത്തി ദിവസങ്ങളില് ലഭ്യമാക്കണം. ഓരോ വാർഡിലും കണ്ടെത്തിയിട്ടുള്ള പ്രവൃത്തികള് പൂർത്തീകരിച്ച ശേഷം മാത്രമേ വാർഡിന് പുറത്തു തൊഴിലാളികൾക്ക് പ്രവൃത്തി അനുവദിക്കാന് പാടുള്ളൂ.

7. **പ്രവൃത്തി സ്ഥലത്തെ സൌകര്യങ്ങൾ സംബന്ധിച്ച്;**
തൊഴിലിടങ്ങളിൽ ലഭിക്കേണ്ട അടിസ്ഥാന സൌകര്യങ്ങളായ പ്രഥമ ശുശ്രൂഷാ സംവിധാനങ്ങൾ, വിശ്രമ സമയത്തെ തണൽ സൗകര്യം,കുടിവെള്ളം, അപകട സാധ്യതയുള്ള പ്രവൃത്തികളിൽ ഏർപ്പെടുമ്പോള് സുരക്ഷാ സാമഗ്രികള് എന്നിവ തോഴിലുറപ്പു നിയമപ്രകാരം നിർവഹണ ഏജൻസി വഴി തൊഴിലാളികൾക്ക് സൗജന്യമായി ലഭ്യമാക്കേണ്ടതുണ്ട്.

8. **വേതനം ലഭ്യമാക്കുന്നത് സംബന്ധിച്ച്;**
തൊഴിലുറപ്പ് നിയമത്തിൽ **സെക്ഷൻ 3(2)**പ്രകാരം മസ്റ്റർ റോള് കാലാവധി കഴിഞ്ഞു 15 ദിവസത്തിനകം തൊഴിലാളികളുടെ എക്കൌണ്ടിൽ കൂലി ലഭിക്കുവാന് അവകാശമുണ്ട്.

9. **പരാതി പരിഹാരം സംബന്ധിച്ച്;**
തൊഴിലുറപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യത്തിൽ പരാതിയുണ്ടാകുന്ന പക്ഷം ആയത് രേഖാമൂലം പഞ്ചായത്തിൽ പരാതിപ്പെടാവുന്നതാണ്, പ്രസ്തുത പരാതികൾ സ്വീകരിച്ചു പരാതിക്കാരന് കൈപ്പറ്റു രസീറ്റ് നൽകുകയും പരമാവധി 7 ദിവസ പരിധിക്കുള്ളിൽ അന്വേഷിച്ചു പരാതിക്കാരന് മറുപടി നൽകേണ്ടതാണ്. പരാതികൾ അറിയിക്കുന്നതിനുള്ള ടോൾ ഫ്രീ നമ്പര് പൊതുജനങ്ങൾക്ക് കാണാവുന്ന രീതിയില് പഞ്ചായത്ത് ഓഫീസിൽ പ്രദർശിപ്പിക്കെണ്ടതുണ്ട് .

10. **സോഷ്യൽ ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച്;**
തോതൊഴിലുറപ്പ് നിയമത്തിലെ സെക്ഷൻ 17(2) പ്രകാരം തൊഴിലുറപ്പില് ഏറ്റെടുത്ത പ്രവൃത്തികൾ ഓരോ 6 മാസ കാലയളവിലും സോഷ്യല് ഓഡിറ്റ് നടത്തേണ്ടതുണ്ട്.ഏറ്റെടുത്തു ചെയ്ത പ്രവൃത്തികളുടെ സമ്പത്തീകവും, ഗുണനിലവാരങ്ങൾ സംബന്ധിച്ചതുമായ വിവരങ്ങളും പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട കാര്യങ്ങളും സോഷ്യൽ ഓഡിറ്റ് നടത്തുന്നതില് പങ്കാളികളാവുന്നതിനു തൊഴിലാളികൾക്കും ഓരോ പൗരനും അവകാശമുണ്ട്.

11. **ചികിൽസാ സഹായം സംബന്ധിച്ച്;**
തൊഴിലുറപ്പ് ജോലിക്കിടെ തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിച്ചു പോവുകയാണെങ്കിൽ തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂള് 2(5)പ്രകാരവും അദ്ധ്യായം 9 ലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിലും ചികിൽസാ ചെലവുകളുടെ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക മുഴുവനും നിർവഹണ ഏജൻസി വഴി തൊഴിലാളികൾക്ക് അനുവദിച്ചു കൊടുക്കേണ്ടതാണ്.

**12.പദ്ധതി ആരംഭ മീറ്റിംഗ്**;

തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ **22** പ്രകാരം ▯രു പദ്ധതി ആരംഭിക്കുന്നതിനു മുമ്പ് പദ്ധതിയെ കുറിച്ചുള്ള മുഴുവൻ കാര്യങ്ങളും അതായത് അനുവദിച്ച പ്രവൃത്തി ദിനങ്ങൾ, ഓരോ തൊഴിലാളിയും ചെയ്യേണ്ട അളവുകൾ, ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള സാങ്കേതിക അറിവുകൾ എന്നിവ കൃത്യമായി തൊഴിലാളികളെയും ഗുനഭോക്താക്കളെയും ബോധ്യപ്പെടുത്തെണ്ടതുണ്ട്. അതിനായി ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥന്റെയും വാർഡ് മെമ്പർ,സാങ്കേതിക

വിദഗ്ദർ എന്നിവരുടെ സാന്നിധ്യത്തില് ഏതെന്കിലും പൊതു ഇടങ്ങളിലോ,തൊഴിലിടത്തുവച്ചോ മീറ്റിംഗ് വിളിച്ചു ചേർക്കുകയും കാര്യങ്ങള് വിശദീകരിക്കുകയും പങ്കെടുത്തവരുടെ വിവരങ്ങള് സൈറ്റ് ഡയറിയിലെ പ്രോജക്റ്റ് മീറ്റിംഗ് പേജിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

**13.വിജിലൻസ് ആൻഡ് മോണിട്ടറിംഗ് കമ്മറ്റി**

ഓരോ വാർഡിലെയും പ്രവൃത്തികള് ഗുണകരമായ രീതിയില് നടക്കുന്നുണ്ടെന്നു ഉറപ്പു വരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങള് തൊഴിലാളികൾക്കും നിർവഹണ ഏജൻസിക്കും നൽകുന്നതിനുമായി വാർഡിലെ പൊതുപ്രവർത്തകരെ ഉൾപ്പെടുത്തി ഒരു വിജിലൻസ് ആൻഡ് മോണിട്ടറിംഗ് കമ്മറ്റി ഓരോ സാമ്പത്തീക വർഷവും ഉണ്ടാക്കേണ്ടതാണ്. വാർഡില് പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ സന്നദ്ധപ്രവർത്തകര് ഉണ്ടെങ്കില് നിർബന്ധമായും പ്രസ്തുത കമ്മറ്റിയിൽ അംഗങ്ങള് ആക്കേണ്ടതാണ്. ഓരോ പ്രവൃത്തിയും സന്ദർശിച്ചു വിലയിരുത്തി സൈറ്റ് ഡയറിയിലെ വിജിലൻസ് ആൻഡ് മോണിട്ടറിംഗ് കമ്മറ്റി റിപ്പോർട്ടില് രേഖപ്പെടുതെണ്ടതാണ്.

**14.സന്ദർശക കുറിപ്പ്**

തൊഴിലുറപ്പ് പ്രവൃത്തി സ്ഥലങ്ങൾ ഏതൊരാൾക്കും സന്ദര്ശിക്കാ വുന്നതും എസ്റ്റിമേറ്റ് ഉൾപ്പടെ പരിശോധിക്കവുന്നതുമാണ്.പ്രസ്തുത പ്രവൃത്തിയിന്മേലുള്ള സന്ദർശകരുടെ അഭിപ്രായങ്ങള് സൈറ്റ് ഡയറിയിലെ സന്ദർശക കുറിപ്പില് രേഖപ്പെടുത്താനും അവകാശമുണ്ട്. അതുകൊണ്ട് തന്നെ എല്ലാ പ്രവൃത്തി സ്ഥലങ്ങളിലും സൈറ്റ് ഡയറി നിർബന്ധമായും സൂക്ഷിക്കണം.

**15.റോസ് ഗാർ ദിവസ് .**

തൊഴിലുറപ്പുമായി ബന്ധപ്പെട്ട അവകാശങ്ങൾ കടമകള് എന്നിവയില് തൊഴിലാളികൾക്ക് അവബോധം ഉണ്ടാക്കുന്നതിനും തൊഴിലുറപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും വേണ്ടി വർഷത്തില് ഒരുദിവസം നിർവഹണ ഏജൻസി തൊഴിലാളികൾക്ക് ക്ലാസ് സംഘടിപ്പിക്കെണ്ടതാണ്.

**16.സിറ്റിസൺ ഇൻഫർമേഷന് ബോർഡ്.**

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി തൊഴിലുറപ്പിൽ ഏറ്റെടുത്തു ചെയ്യുന്ന പൊതു പ്രവൃത്തികൾ ആരംഭിക്കുന്നതിനു മുമ്പ് പ്രാദേശിക ഭാഷയിലുള്ള പദ്ധതി വിവരങ്ങക് അടങ്ങിയ ബോർഡ് പ്രവൃത്തി സ്ഥലങ്ങളില് പൊതുജനങ്ങൾക്ക് കാണാ വുന്ന രീതിയില് നിർബന്ധമായും സ്ഥാപിക്കണം.

**ഫയൽപരിശോധനയുമായി ബന്ധപ്പെട്ട വിലയിരുത്തലുകള്**.

തൊഴിലുറപ്പ് പദ്ധതിയില് ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ഫയലുകളില് ഉണ്ടായിരിക്കേണ്ട പ്രധാനപ്പെട്ട 22 രേഖകളെ കുറിച്ച് വാർഷിക മാസ്റ്റർ സർക്കുലറില് കൃത്യമായ നിർദ്ദേശങ്ങള് നൽകുന്നുണ്ട്.

**1.കവർ പേജ്**

ഒരു പ്രവൃത്തിയുടെ അടിസ്ഥാന വിവരങ്ങൾ പ്രവൃത്തി ഫയലിന്റെ കവര് പേജിൽ ഉൾക്കൊള്ളിക്കന്നമെന്നും അതിനായി പ്രത്യേക മാതൃകയും മാസ്റ്റര് സർക്കുലറില് നിർദ്ദേശിക്കുന്നുണ്ട്.

**2.ചെക്ക് ലിസ്റ്റ്**

ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള രേഖകളുടെ പേരും പേജ് നമ്പരും രേഖപ്പെടുത്തിയ ചെക്ക് ലിസ്റ്റ് ഫയലില് സൂക്ഷിക്കേണ്ടതുണ്ട്, അതിനായി പ്രത്യേക മാതൃകയും മാസ്റ്റർ സർക്കുലറില് നിർദ്ദേശിക്കുന്നുണ്ട്.

**3.ആക്ഷൻ പ്ലാന് കോപ്പി**-

ഏറ്റെടുക്കുന്ന പ്രവൃത്തികൾ ആക്ഷന് പ്ലാനില് ഉൾപ്പെട്ടതും ഷെൽഫ് ഓഫ് പ്രോജക്റ്റിൽമുൻഗണനാ ക്രമത്തില് ഉള്ളതുമായിരിക്കണ മെന്നുണ്ട്,പ്രസ്തുത പ്രവൃത്തി ഷെൽഫ് ഓഫ് പ്രോജക്റ്റില് ഉൾപ്പെടുന്ന

**4.ജനകീയ എസ്റ്റിമേറ്റ്**-

സാധാരണക്കാരായ ഏതൊരാൾക്കും മനസ്സിലാകുന്ന രീതിയില് പ്രാദേശിക ഭാഷയിലുള്ള എസ്റ്റിമെറ്റ് ഫയലിലും പ്രവൃത്തി സ്ഥലത്തും ലഭ്യമാക്കേണ്ടതുണ്ട്.

**5.സാങ്കേതികാനുമതി**-

ഓരോ പ്രവൃത്തിക്കും പ്രത്യേകം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് സാങ്കേതിക വിദഗ്ദര് അടങ്ങുന്ന കമ്മറ്റി പരിശോധിച്ച് അംഗീകാരം ലഭിച്ചാൽ മാത്രമേ പ്രവൃത്തിക്ക് അനുമതി നൽകാവൂ, ആയതിന്റെ കോപ്പി ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

**6.ഭരണാനുമതി**-

ഓരോ പ്രവൃത്തിക്കും പ്രത്യേകം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പരിശോധിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് ഭരണസമിതിയുടെ അംഗീകാരം ലഭിച്ചാല് മാത്രമേ പ്രവൃത്തിക്ക് അനുമതി നൽകാവൂ, ആയതിന്റെ കോപ്പി ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

**7.കൺവർജൻസ് വിവരങ്ങള്**-

സർക്കാരിന്റെ ഏതെന്കിലും വകുപ്പുകളുടെ(വനം വകുപ്പ്,കൃഷി വകുപ്പ്,മൃഗ സംരക്ഷണ വകുപ്പ് ...) പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയോടൊപ്പം സംയോജിച്ച് നടപ്പാക്കുകയാണെങ്കിൽ ആയതിന്റെ രേഖകള് ഫയലില് സൂക്ഷിക്കേണ്ടതുണ്ട്.

**8.തൊഴിൽ അപേക്ഷ**-

തൊഴിൽ ആവശ്യപ്പെട്ടു കൊണ്ട് വ്യക്തിഗതമായോ ഗ്രൂപ്പായോ അപേക്ഷ സമർപ്പിക്കുന്നതിനു മാസ്റ്റര് സർക്കുലറില് പ്രത്യേക മാതൃകയിലുള്ള അപേക്ഷാ ഫോറം തൊഴിലാളികൾക്ക് ലഭ്യമാക്കാന് നിർദേശിക്കുന്നുണ്ട്. ഇത് പ്രകാരം കുറഞ്ഞത് 14 ദിവസം തുടർച്ചയായി ജോലി ചെയ്യുന്നതിന് അപേക്ഷ നൽകേണ്ടതുണ്ട്, ജോലി ആവശ്യമുള്ള കാലയളവിലെ തീയ്യതികൾ ഉൾപ്പടെ ഇതിൽ രേഖപ്പെടുത്തി നൽകുകയാണ് വേണ്ടത്

**9.വർക്ക് അലോക്കേഷന്**

അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആവശ്യപ്പെട്ട തീയ്യതികളിൽ തന്നെ തൊഴിലാളികളെ മുൻഗണനാ ക്രമത്തിലുള്ള പ്രവൃത്തികളില് ഉൾപ്പെടുത്തുകയും മസ്റ്റര് റോള് തയ്യാറാക്കുന്നതിനുള്ള നടപടികൾക്ക് ശുപാർശ ചെയ്യുകയും വേണം. പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെട്ടവർക്ക് ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂട്ടി വിവരങ്ങള് നൽകുകയും വേണം.

## 10.മസ്റ്റർ റോള്

ഓരോ പ്രവൃത്തിയിലേക്കും പഞ്ചായത്തില് നിന്നും നിർദേശിച്ചവരുടെ പേര് വിവരങ്ങൾ ഉൾപ്പെടുത്തി ബ്ലോക്ക് പ്രോഗ്രാം ഓഫീസില് നിന്നുമാണ് പ്രോഗ്രാം ഓഫീസർ സാക്ഷ്യപ്പെടുത്തിയ മസ്റ്റര് റോള് കോപ്പി പഞ്ചായത്തില് എത്തിക്കുന്നത്. പഞ്ചായത്തിൽ നിന്നും നിർവഹണ ഉദ്യോഗസ്ഥന് സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് ഓരോ പ്രവൃത്തിക്കും ചുമതലപ്പെടുത്തിയ മേറ്റ് മാർക്ക് മസ്റ്റര് റോള് കൈമാറാവുന്നതാണ്. മസ്റ്റർ റോള് പ്രകാരം അനുവദിച്ച തീയ്യതികളിൽ മാത്രമേ പ്രസ്തുത പ്രവൃത്തിയില് ഏർപ്പെട്ട് അതാത് ദിവസത്തെ ഒപ്പുകൾ ഓരോ തൊഴിലാളിയുടെയും പേരിനു നേരെയുള്ള കളങ്ങളില് രേഖപ്പെടുത്താവൂ. ഓരോ ദിവസവും പണി ആരംഭിക്കുന്നതിനു മുമ്പും പണി പൂർത്തിയായ ശേഷവും ഓരോ ഒപ്പുകള് നിർബന്ധമായും തൊഴിലാളികള് രേഖപ്പെടുത്തേണ്ടതുണ്ട്.ജോലിയിൽ ഹാജരാവാത്തവരുടെ കളങ്ങള് ജോലി ആരംഭിക്കേണ്ട സമയം കഴിഞ്ഞ ഉടനെ ചുവന്ന മഷിയുള്ള പേനകൊണ്ട് അവധി രേഖപ്പെടുത്തുകയും ചെയ്യണം. ആഴ്ചാവസാനം ഓരോ തൊഴിലാളിയുടെയും ഹാജർ പ്രകാരമുള്ള തുകകള് രേഖപ്പെടുത്തി അവരെ ബോധ്യപ്പെടുത്തി മസ്റ്റര് റോളിലെ അവസാനത്തെ കളത്തിൽ ഒപ്പ് വാങ്ങിക്കേണ്ടാതാണ്. തുടർന്ന് മസ്റ്റര് റോൾ സാക്ഷ്യപ്പെടുത്തി നിർവഹണ ഉദ്യോഗസ്ഥർക്ക് 2 ദിവസത്തിനകം കൈമാറേണ്ടാതാണ്.പ്രവൃത്തി സ്ഥലത്ത് മാസ്റ്റർ റോള് സൂക്ഷിക്കാന് ചുമതലയുള്ളത് മേറ്റിനാണ്. മസ്റ്റർ റോള് പണത്തിനു തുല്ല്യമായ രേഖയാണ് ,അതുകൊണ്ടുതന്നെ അതിൽ ഏതെങ്കിലും തരത്തിലുള്ള വെട്ടിത്തിരുത്തലുകള് പാടില്ലാത്തതാണ്.

## 11.മെഷർമെന്റ് ബുക്ക്-

തൊഴിലുറപ്പിൽ ഉൾപ്പെടുത്തി ചെയ്യുന്ന ഓരോ പ്രവൃത്തിയും ആരംഭിക്കുന്നതിനു മുമ്പ് തന്നെ ആവശ്യമായി വരുന്ന പ്രവൃത്തികളുടെ പ്രാഥമിക അളവുകൾ സാങ്കേതിക വിദഗ്ധര് മെഷർമെന്റ് ബുക്കില് രേഖപ്പെടുത്തണം, തുടർന്ന് പ്രവൃത്തിയുടെ ഓരോ മസ്റ്റര് റോള് കാലാവധിയും പൂർത്തിയാകുന്ന മുറയ്ക്ക് ചെയ്ത പ്രവൃത്തികളുടെ അളവുകള് രേഖപ്പെടുത്തി അത് പ്രകാരമുള്ള കൂലി ലഭ്യമാക്കു

ന്നതിനുള്ള തുടർ നടപടിക്ക് സമർപ്പിക്കേണ്ടതാണ് ,രേഖപ്പെടുത്തുന്ന ഓരോ അളവുകളും സാങ്കേതിക വിഭാഗത്തിലെ തന്നെ ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയും അത് പ്രകാരം തയ്യാറാക്കുന്ന ബില്ലുകള് പഞ്ചായത്ത് സെക്രട്ടറി,പ്രസിഡണ്ട് എന്നിവരുടെ ചുമതലയുള്ളവർ സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 12.മെറ്റീരിയൽ വാങ്ങുന്നതിനുള്ള തീരുമാനം

തൊഴിലുറപ്പിൽ ഏറ്റെടുത്തു ചെയ്യുന്ന പ്രവൃത്തികൾക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങള് എടുക്കുന്നതിനു പഞ്ചായത്ത് തലത്തിൽ മെറ്റിരിയല് പ്രോക്യൂർമെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതുണ്ട്, സാധനങ്ങൾ ആവശ്യമായി വരുന്ന പ്രവൃത്തികൾക്ക് പ്രസ്തുത കമ്മറ്റി നൽകുന്ന അനുമതിയുടെ കോപ്പി അതാത് ഫയലുകളില് സൂക്ഷിക്കേണ്ടതാണ്.സിറ്റിസൺ ഇൻഫർമേഷന് ബോർഡ് വാങ്ങുതിനുള്ള തീരുമാനങ്ങളുടെ കോപ്പി ഉൾപ്പടെ ആവശ്യമുണ്ട്.

**13.പാട്ടക്കരാർ ,സമ്മതപത്രം, നികുതി രസീതുകൾ.**

തൊഴിലുറപ്പ് പദ്ധതി പ്രകാരം സ്വകാര്യ വ്യക്തികളുടെ ഭൂമി പാട്ടത്തിനു ഏറ്റെടുത്ത് പ്രവൃത്തികൾ ചെയ്യുകയാണെങ്കിൽ, സ്ഥലം ഉടമകളുമകൾക്ക് പാട്ടത്തുക നൽകിയോ /ജെ എൽ ജി ഗ്രൂപ്പുകൾക്ക് ലഭിക്കുന്ന ലാഭവിഹിതം നൽകിയോ /സൗജന്യമായോ കൃത്യമായ കാലയളവിലേക്ക് അവർ സ്ഥലം വിട്ടുനൽകും എന്നതിന് രേഖാമൂലം ഉറപ്പു ലഭിച്ചാല് മാത്രമെ പ്രസ്തുത പറമ്പില് തൊഴിലുറപ്പിലൂടെയുള്ള പ്രവൃത്തികൾ അനുവദിക്കാന് പാടുള്ളൂ. ജെ എൽ ജി ഗ്രൂപ്പുകൾക്ക് കൃഷി പ്രവൃത്തി ഉൾപ്പടെ ഏറ്റെടുക്കുമ്പോള് പ്രസ്തുത രേഖകള് നിർബന്ധമാണ്.

സ്വകാര്യ വ്യക്തികളുടെയോ പൊതുഭൂമിയിലോ പദ്ധതി നടപ്പാക്കുമ്പോള് ആസ്തികളുടെ ദീർഘ കാല സംരക്ഷണം ഉറപ്പുവരുതുന്നതിനായി ബന്ധപ്പെട്ടവരുടെ സമ്മത പത്രം, നികുതി രസസീതുകൾ എന്നിവ ഫയലില് സൂക്ഷിക്കേണ്ടതാണ്.

**14.വേജ് ലിസ്റ്റ്**

ഓരോ മസ്റ്റർ റോള് പ്രകാരവും പണി പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത മസ്റ്റർ റോളിൽ പണി ചെയ്ത ഓരോ തൊഴിലാളിയുടെയും പ്രവൃത്തി ദിവസങ്ങൾക്ക് അനുസൃതമായ വേതനതിനുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്. അതുപോലെ തന്നെ സാധന സാമഗ്രികൾ ഉപയോഗിക്കുകയാണെങ്കില് അതിന്റെ ബില് പ്രകാരമുള്ള തുകയ്ക്കും വേജ് ലിസ്റ്റ് തയ്യാറാക്കി പ്രസ്തുത വേജ് ലിസ്റ്റിന്റെ കോപ്പി അതാത് പ്രവൃത്തി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

**15.ഫണ്ട് ട്രാന്സർ ഓർഡർ.**

തയ്യാറാക്കിയ വേജ് ലിസ്റ്റ് പ്രകാരം തൊഴിലാളികൾക്കും, മേറ്റീരിയൽ വെണ്ടർമാർക്കും അവരുടെ ബാങ്ക് അക്കൗണ്ട്കളിലേക്ക് പണം അനുവദിച്ചാല് അതിനുള്ള രേഖയായ ഫണ്ട് ട്രന്സർ ഓർഡര് കോപ്പി അതാത് പ്രവൃത്തി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

**16.മൂന്ന്ഘട്ടങ്ങളിലെ ഫോട്ടോകൾ**

തൊഴിലുറപ്പിൽ ഒരു പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പും പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോഴും പൂർത്തിയായ ശേഷവും ഉള്ള ഓരോ ഫോട്ടോകള് നിർബന്ധമായും എടുത്തു സൂക്ഷിക്കുകയും ഫയലില് കോപ്പികള് വെക്കുകയും വേണം.

**17.പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം**

ഓരോ പ്രവൃത്തിയും ശരിയായ രീതിയിൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് മുഴുവന് ചെലവുകളും രേഖപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ചു എന്ന് അന്ഗീകരിച്ചുകൊണ്ടുള്ള സാക്ഷ്യപത്രം പ്രസ്തുത പ്രവൃത്തിയുടെ ഫയലില് സൂക്ഷിക്കേണ്ടതുണ്ട്.

**18.മെറ്റീരിയൽ ബില്ലുകൾ.**

തൊഴിലുറപ്പ് പ്രവൃത്തികൾക്ക് ഏതെങ്കിലും സാധന ഘടകങ്ങള് വിലയ്ക്ക് വാങ്ങി ഉപയോഗിക്കുകയാണെങ്കിൽ ആയതിന്റെ വൗച്ചറുകള് ബില്ലുകള് എന്നിവ അംഗീകരിച്ചു ഫയലില് സൂക്ഷിക്കേണ്ടതുണ്ട്.

**19.മസ്റ്റർ റോള് മൂമെന്റ് സ്ലിപ്പ്.**

ഓരോ മസ്റ്റർ റോളും ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിച്ച തീയ്യതി, അവസാനിച്ച തീയ്യതി ,പ്രവൃത്തി സ്ഥലത്ത് നിന്ന് പഞ്ചായത്തിൽ തിരികെ ലഭിച്ച തീയ്യതി,ഡാറ്റ എൻട്രി ചെയ്ത തീയ്യതി, സെക്രട്ടറി ,പ്രസിഡന്റ് എന്നിവര് അംഗീകരിച്ച് കൂലിക്ക് അനുമതി നൽകിയ തീയ്യതി എന്നിവ ഒപ്പുകള് സഹിതം രേഖപ്പെടുത്തുന്നതിനു വേണ്ടിയുള്ള സ്ലിപ് ആണിത്. തൊഴിലാളികൾക്ക് യഥാസമയം കൂലി ലഭ്യമാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടെങ്കില് എവിടെ വെച്ചാണെന്ന് മനസിലാകുന്നതിനു സാധിക്കുന്ന രീതിയിലാണ് ഈ രേഖയിലെ വിവരങ്ങൾ ക്രമീകരിച്ചിട്ടുള്ളത്.

**20.ജിയോടാഗ്ഗെട് ഫോട്ടോ.**

BHUVAN ആപ്ലിക്കേഷൻ ഉപയോഗിച്ച് പ്രവൃത്തി സ്ഥലങ്ങളുടെ അക്ഷാംശം രേഖാംശം എന്നിവ രേഖപ്പെടുത്തിക്കൊണ്ടുള്ള ഫോട്ടോകൾ ഓരോ പ്രവൃത്തിക്കും ആവശ്യമാണ്, ഇതിന്റെ കോപ്പി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

**21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി**

പ്രവൃത്തികൾ ഓഡിറ്റിനു വിധേയമാക്കിയിട്ടുണ്ടെങ്കില് പ്രസ്തുത പ്രവൃത്തിയുടെ വിലയിരുത്തൽ വിവരങ്ങള് ഉൾക്കൊള്ളുന്ന ഭാഗം കോപ്പി എടുത്തു ഫയലില് സൂക്ഷിക്കേണ്ടതാണ്.

**22.സൈറ്റ് ഡയറി.**

മാസ്റ്റർ സർക്കുലര് പ്രകാരം ഉള്ള **22** രേഖകളില് സംസ്ഥാന സർക്കാര് നിർദ്ദേശിക്കുന്ന സുപ്രധാന രേഖയാണ് സൈറ്റ് ഡയറി. പദ്ധതിയുടെ സുതാര്യത,തൊഴിലാളികളുടെ അവകാശങ്ങൾ, സാമൂഹ്യ പങ്കാളിത്തം, പദ്ധതി ആരംഭ മീറ്റിംഗ്, തൊഴിലിടങ്ങളിലെ അപകടങ്ങൾ സംബന്ധിച്ച വിവരങ്ങള് ,വിജിലൻസ് ആൻഡ് മോണിട്ടറിംഗ് കമ്മറ്റി റിപ്പോർട്ട്, സന്ദർശക കുറിപ്പുകള് തുടങ്ങിയവ രേഖപ്പെടുത്തുന്നതിനും തൊഴിലിടങ്ങളിലെ അടിസ്ഥാന സൌകര്യങ്ങൾ ,സിറ്റിസൺ ഇൻഫർമേഷന് ബോർഡ് എന്നിവ പ്രവൃത്തി സ്ഥലങ്ങളിൽ ഉറപ്പു വരുത്തുന്നുണ്ട് എന്നതിനുമുള്ള ആധികാരിക രേഖകൂടിയാണ് സൈറ്റ് ഡയറി.

**<u>രജിസ്റ്ററുകൾ</u>**

തൊഴിലുറപ്പ് അനുബന്ധ വിവരങ്ങൾ സൂക്ഷിക്കുന്നതിന് ഏഴ് രജിസ്റ്ററുകള് പഞ്ചായത്തുകളിൽ ഉണ്ടാവണമെന്നു നിർദ്ദേശിക്കുന്നുണ്ട്.

**1. തൊഴിൽ കാർഡ് രജിസ്റ്റർ .**

തൊഴിൽ കാർഡിനുള്ള അപേക്ഷ,കാർഡ് അനുവദിച്ച വിവരങ്ങള് എന്നിവ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ ആണിത്, പ്രസ്തുത വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2. **ഗ്രാമസഭ രജിസ്റ്റര് .**

തൊഴിലുറപ്പുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ ,യോഗങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്നതിന് വാർഡ് തലത്തില് പ്രത്യേക ഗ്രാമസഭാ രജിസ്റ്റര് സൂക്ഷിക്കേണ്ടതാണ്.

3. **തൊഴിൽ അപേക്ഷാ രജിസ്റ്റര്**

തൊഴിൽ ആവശ്യപ്പെട്ടു ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങളും അതുപ്രകാരം അവർക്ക് തൊഴില് അനുവദിച്ചതിന്റെ വിവരങ്ങളും  പ്രസ്തുത രജിസ്റ്ററില് രേഖപ്പെടുത്തി വെക്കേണ്ടതാണ്

4. **പ്രവൃത്തി രജിസ്റ്റര് .**

തൊഴിലുറപ്പിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങള് യഥാസമയം പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുതെണ്ടാതാണ്.

5. **ആസ്തി രജിസ്റ്റര്**

തൊഴിലുറപ്പ് പദ്ധതിയിലൂടെ സൃഷ്ട്ടിച്ചിട്ടുള്ള ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ,സ്ഥലം,ആസ്തിയുടെ സ്വഭാവം,നിലനിർത്തുന്ന കാലയളവ് തുടങ്ങിയവ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുതെണ്ടാതാണ്.

6. **പരാതി രജിസ്റ്റര് .**

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഏതു പരാതിയും വാക്കാലോ,രേഖാമൂലമോ ലഭിക്കുകയാണെങ്കിൽ നിർവഹണ ഏജൻസി പരാതി രജിസ്റ്ററില് രേഖപ്പെടുത്തുകയും നിർബന്ധമായും കൈപ്പറ്റു രസീത് പരാതിക്കാരന് നൽകുകയും വേണം . പരാതിയുടെ തുടർനടപടികളും കൃത്യമായി രജിസ്റ്ററില് രേഖപ്പെടുതെണ്ട്താണ്.ഓരോ സാമ്പത്തിക വർഷവും രജിസ്റ്റര് ക്ലോസ് ചെയ്തു സ്ക്രട്ടരി സാക്ഷ്യപ്പെടുത്തുകയും തുടർ കാലയളവിലേക്ക് അംഗീകരിക്കുകയും വേണ്ടതാണ്.

7. **മെറ്റീരിയൽ രജിസ്റ്റർ .**

തൊഴിലുറപ്പിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ഭാഗമായി വരുന്ന സാധന സാമഗ്രികളുടെ വാങ്ങൽ തീരുമാനം,ഉപയോഗം,നീക്കിയിരിപ്പ്,ചെലവുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ മുഴുവനും പ്രസ്തുത രജിസ്റ്ററില് രേഖപ്പെടുത്തേണ്ടതാണ്.

**വിജിലൻസ്ആന്റ്മോണിറ്ററിംഗ്അംഗങ്ങൾ**

**1) രോഹിണി4)ചന്ദ്രമതി.എം.കെ**

**5)തങ്കമണി**

**2) ലക്ഷ്മി.എം.കെ3) നളിനി**

**നിർദ്ദേശങ്ങൾ.**

- തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പു വരുത്തുന്നതിന് പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ് പദ്ധതി വിവരങ്ങൾ അടങ്ങിയ പ്രാദേശിക ഭാഷയിലുള്ള സിറ്റിസൺ ഇൻഫർമേഷന് ബോർഡ് പ്രവൃത്തി സ്ഥലത്ത് സ്ഥാപിക്കേണ്ടതാണ്.
- പ്രാദേശിക ഭാഷയിലുള്ള എസ്റ്റിമേറ്റ് പ്രവൃത്തി സ്ഥലങ്ങളിൽ ലഭ്യമാക്കണം.
  .
- മാസ്റ്റർ സർക്കുലര് പ്രകാരമുള്ള തൊഴില് അപേക്ഷാ ഫോറം സൌജന്യമായി തൊഴിലാളികൾക്ക് ലഭ്യമാക്കണം.
- തൊഴിൽ അപേക്ഷകൾ ഫ്രണ്ട് ഓഫീസില് സ്വീകരിക്കുകയും ആയതിനു കൈപ്പറ്റ് രസീത് നൽകുകയും വേണ്ടതാണ് .
- പദ്ധതിയുടെ ശരിയായ രീതിയിലുള്ള നടത്തിപ്പിന് വിജിലൻസ് ആൻഡ് മോണിട്ടറിംഗ് കമ്മറ്റി ഇടപെടലുകൾ പ്രവൃത്തി സ്ഥലങ്ങളില് ഉണ്ടാവേണ്ടതുണ്ട്.
- തൊഴിലുപ്പിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ആസ്തികൾ ദീർഘകാല നിലനിൽപ്പിന് ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങള് തൊഴിലാളികൾക്ക് ഓവർസീയർമാര് നൽകേണ്ടതും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തെണ്ടതുമാണ്.
- മസ്റ്റർ റോളില് പ്രസ്തുത പ്രവൃത്തിയുടെ അളവുകള് രേഖപ്പെടുത്തുന്ന എം.ബുക്കിന്റെ നമ്പർ രേഖപ്പെടുത്തെണ്ടതാണ്.
- മസ്റ്റർ റോളിലും മറ്റു തൊഴിലുറപ്പ് അനുബന്ധ രേഖകളിലും സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥർ തീയ്യതി കൂടി രേഖപ്പെടുത്തുവാന് ശ്രദ്ധിക്കേണ്ടതുണ്ട്.
- തൊഴിലിടങ്ങളിൽ പ്രഥമ ശുശ്രൂഷ സംവിധാനങ്ങള് തണല് സൗകര്യം,സുരക്ഷാ ഉപകരണങ്ങൾ എന്നിവ ഉറപ്പു വരുത്താന് നിർവഹണ ഏജൻസി ശ്രദ്ധിക്കേണ്ടതുണ്ട്.
  .

**തൊഴിലാളികളുടെ കടമകൾ.**

- തൊഴിലിടങ്ങളിൽ സമയകൃത്യത പാലിക്കുക.
- പ്രോജക്റ്റ് മീറ്റിംഗ്, തൊഴിലുറപ്പ് ഗ്രാമസഭകൾ,സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകള് എന്നിവയിൽ പങ്കെടുക്കുക.
- ഏൽപ്പിക്കുന്ന ജോലികള് കൃത്യതയോടെ പൂർത്തീകരിക്കുക.
- ദിവസവും തൊഴിൽ ആരംഭിക്കുന്നതിനു മുമ്പും പണി പൂർത്തിയായശേഷവും മസ്റ്റര് റോളിൽ □ പ്പുകള് രേഖപ്പെടുത്തുക,തുടങ്ങിയവ...

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയില് അവതരിപ്പിച്ചസോഷ്യല് ഓഡിറ്റ് കരട് റിപ്പോർട്ടിന്മേലുള്ള ചർച്ചയുടെ അടിസ്ഥാനത്തില് ഗ്രാമസഭ താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു;**

- തൊഴിലുറപ്പ് ജോലിയിലെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ എ .പി .എൽ , ബി .പി .എൽ വ്യത്യാസമില്ലാതെ തിരഞ്ഞെടുക്കണം .
- തൊഴിൽ ദിനങ്ങള് വർധിപ്പിക്കണം
- കൂലിവർദ്ധിപ്പിക്കണം
- ജോലിസമയം 10 മുതൽ 4 വരെആയികുറയ്ക്കണം